നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പ്രൊഫസർമാരെ പ്രിൻസിപ്പൽമാരായി നിയമിച്ചിട്ടുണ്ട്.

Sl. No.	Name	Appointed in	G.O. No. & date
1	ഡോ. എൻ.രത്നകുമാരി	ഗവൺമെന്റ് ഡെന്റൽ കോളേജ്, കോഴിക്കോട്	ജി.ഒ (ആർറ്റി.) 1471/2015/ ആകവ. തീയതി 20-5-2015
2	ഡോ. പ്രശാന്തിലജനം	ഗവൺമെന്റ് ഡെന്റൽ കോളേജ്, തിരുവനന്തപുരം	ജി.ഒ.(ആർറ്റി.) 1471/2015/ ആകവ തീയതി 20-5-2015.

കോഴിക്കോട് മെഡിക്കൽ കോളേജ്

115 (3548) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) തസ്തികകൾ സൃഷ്ടിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാരിന്റെ കാലയളവിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല

ആരോഗ്യ സർവ്വകലാശാലയിൽ സ്ഥിരം ജീവനക്കാരുടെ അപര്യാപ്തത

116 (3550) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ സർവ്വകലാശാലയിൽ ആവശ്യത്തിന് സ്ഥിരം ജീവനക്കാരില്ലാത്തതു കാരണം ഉണ്ടായിട്ടുള്ള പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്പോൾ ഈ സ്ഥാപനത്തിൽ ആകെ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും അവരിൽ സ്ഥിരം ജീവനക്കാർ എത്ര പേരുണ്ടെന്നും പറയാമോ ;

(സി) സർവ്വകലാശാലയുടെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിന് എത്ര തസ്തികകൾ സൃഷ്ടിക്കണമെന്നാണ് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതെന്നും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരടക്കം നിലവിലുള്ള 60 സ്ഥിരം ജീവനക്കാരിൽ 54 പേർ മറ്റ് സർവ്വകലാശാലകളിൽനിന്നും സെക്രട്ടേറിയറ്റ് അടക്കമുള്ള ഗവൺമെന്റ് വകുപ്പ് കളിൽനിന്നും ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നു. കൂടാതെ കരാർ/ദിവസ വേതന ക്കാരായി 95 താൽക്കാലിക ജീവനക്കാരും അടക്കം 155 പേർ സർവ്വകലാശാലയിൽ ഇപ്പോൾ ജോലി ചെയ്യുന്നു.

(സി) നിലവിൽ അനുവദിച്ചിട്ടുള്ള 117 തസ്തികകൾക്കു പുറമെ 194 തസ്തികകൾകൂടി സൃഷ്ടിക്കണമെന്നാണ് സർവ്വകലാശാല സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്. പ്രസ്തുത നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

ആയുഷ് വകുപ്പ്

117 (3551) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുഷ് വകുപ്പ് മുഖേന പാരമ്പര്യ ചികിത്സാരീതികൾക്കും ആൾട്ടർനേറ്റീവ് ചികിത്സാരീതികൾക്കും ചികിത്സാരംഗത്ത് അർഹമായ സ്ഥാനം നൽകി പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതോടൊപ്പം ചെലവ് കുറഞ്ഞ വ്യത്യസ്ത ചികിത്സാരീതികളേയും അവയുടെ ഗുണഗണങ്ങളെയും സാധാരണ ജനങ്ങൾക്ക് പരിചിതമാക്കാനും, വിവിധ ചികിത്സാരീതികൾക്ക് സ്റ്റാൻഡേഡൈസേഷൻ ഏർപ്പെടുത്താനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഭാരതീയ ചികിത്സാ സമ്പ്രദായങ്ങളുടെ വികസനം ലക്ഷ്യമാക്കി ആയുർവ്വേദം, യോഗയും പ്രകൃതി ചികിത്സയും, യൂനാനി, സിദ്ധ, ഹോമിയോപ്പതി എന്നിവയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി ആയുഷ് വകുപ്പ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഭാരതീയ ചികിത്സാരീതികളുടെ പ്രാധാന്യം ജനങ്ങളിൽ എത്തിക്കുക എന്നത് ആയുഷ് വകുപ്പ് രൂപീകരണത്തിന്റെ ഒരു പ്രധാന ഉദ്ദേശ്യമാണ്.